LIBRARY ARCHIVES Kerala Legislative Assembly

താഴത്തിടത്ത് ശ്രീ. മാധവൻ നായർക്ക് കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായം

75 (1443) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരൻമാർക്കുള്ള സാമ്പത്തിക സഹായത്തിന് കോഴിക്കോട് ജില്ലയിലെ താഴത്തിടത്ത് ശ്രീ.മാധവൻ നായർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ശ്രീ. മാധവൻ നായർക്ക് സാമ്പത്തിക സഹായം അനുവദിക്കാനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായത്തിന് താഴത്തിടത്ത് ശ്രീ. മാധവൻനായർ നൽകിയ അപേക്ഷ സാംസ്കാരിക വകുപ്പ് മേധാവി കേരള ഫോക്ക്ലോർ അക്കാദമിയുടെ ശുപാർശക്കായി അയച്ചിട്ടുണ്ട്.

സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ/അക്കാദമികൾ

76 (1444) ശ്രീ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര സാംസ്കാരിക സ്ഥാപനങ്ങൾ / അക്കാദമികൾ പ്രവർത്തിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഈ അക്കാദമികൾക്ക് ഓരോന്നിനും ഈ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(സി) കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിക്ക് പ്ലാൻഫണ്ടിൽനിന്നും തുക വകയിരുത്താൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക വകയിരുത്തി ; വ്യക്തമാക്കുമോ?